**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 695** **28-06-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി മൂലമുള്ള അപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി മൂലമുള്ള അപകടങ്ങൾ കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിനു എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ലൈനുകൾ പൊട്ടി വീണ് ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എല്ലാ എൽ ടി ലൈനുകളിലും അടുത്ത രണ്ടര വർഷത്തി നുള്ളിൽ 2.23കോടി സ്പേസറുകൾ സ്ഥാപിക്കുന്ന കർമ്മ പദ്ധതി കെ.എസ്.ഇ.ബി.എൽ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതുവരെ 46.10 ലക്ഷം സ്പേസറുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>ശക്തി കുറഞ്ഞതും പൊട്ടിവീഴാൻ സാധ്യതയുള്ളതുമായ AAC കമ്പികൾ പൂർണ്ണമായും ഒഴിവാക്കി ACSR കമ്പികൾ സ്ഥാപിക്കുന്നതിനും പഴയ ACSR കണ്ടക്ടർ മാറ്റി പുതിയ ACSR കമ്പികൾ സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ പ്രത്യേക ശ്രദ്ധ നൽകി വരുന്നു. ലൈനുകളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതുവഴിയും എബിസി കണ്ടക്ടർ ഉപയോഗിക്കുന്നതുവഴിയും ഗാർഡിങ് നിർമ്മി ക്കുന്നതുവഴിയും കവേർഡ് കണ്ടക്ടറുകൾ ഉപയോഗിക്കുന്നതുവഴിയും ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്. ഇവ സ്ഥാപിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത് താരതമ്യേന ചെലവേറിയ പദ്ധതിയായതു കൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതു കൊണ്ടും ഘട്ടം ഘട്ടമായി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടത്താനാണ് കെ.എസ്. ഇ.ബി.എൽ തീരുമാനിച്ചിരിക്കുന്നത്. ദ്യുതി 1, ദ്യുതി 2, RDSS പദ്ധതി എന്നിവയിൽ ഇത്തരം പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി.എൽ പ്രാധാന്യം നൽകുന്നു.<br><br>ഇത്തരം അപകടങ്ങൾ ആവർ ത്തിക്കാതിരിക്കാൻ കെ.എസ്. ഇ.ബി.എൽ കൈക്കൊണ്ടു വരുന്ന നടപടികൾ അനുബന്ധം ആയി ചേർക്കുന്നു. |

വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിനായി ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് ക്വാളിറ്റി കൺട്രോൾ മുദ്രയായ ISI മാർക്കുള്ള വൈദ്യുത ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കാവൂ എന്ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് നിഷ്കർഷിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ഉണ്ടാകുന്ന മാരകമായ അപകടങ്ങളിൽ ഭൂരിഭാഗവും ഗാർഹിക മേഖലയിലാണ് സംഭവിക്കുന്നത്. വയറിംഗ് അപാകതകളും DLCB/RCCB ഇല്ലാത്തതുമാണ് പല അപകടങ്ങൾക്കും മുഖ്യ കാരണം. ഇ-സേഫ് കേരള പദ്ധതിയുടെ ഭാഗമായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്, പാലക്കാട് ജില്ലയിൽ അഗളി, പുതൂർ, ഷോളയാർ എന്നീ പഞ്ചായത്തുകളിൽ 600 ഓളം BPL വീടുകൾക്ക് റീവയറിംഗ് നടത്തി ELCB സ്ഥാപിച്ച് എർത്തിങ് പുതുക്കി നൽകിയിട്ടുണ്ട്. കൂടാതെ, സമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എസ്.സി/എസ്.ടി/ബി.പി.എൽ വിഭാഗത്തിലെ നോൺ പേയിങ് ഗ്രൂപ്പിലെ ഉപഭോക്താക്കൾക്ക് 4 പോയിന്റ് വയറിംഗ് നടത്തി, DLCB/RCCB സ്ഥാപിച്ച് നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാ ക്കുന്നതിനുള്ള എല്ലാ സാങ്കേതിക സഹായങ്ങളും വകുപ്പ് നൽകുന്നതാണ്. ഇത് കൂടാതെ സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന (ബി.പി.എൽ) എസ്.സി/എസ്.ടി ഉപഭോക്താക്കളുടെ വീടുകളിൽ ഇ.എൽ. സി.ബി/ ആർ.സി.സി.ബി സ്ഥാപിച്ചു വയറിംഗ് സ്റ്റാന്റേർഡൈസ് ചെയ്യുന്ന പദ്ധതി നടപ്പി ലാക്കുന്നതിനായി SC/ST വകുപ്പിൽ നിന്നും ഉപഭോക്താക്കളുടെ വിവരങ്ങൾ ശേഖരിച്ചു വരികയാണ്.

വൈദ്യുത ലൈൻ പൊട്ടി വീണ് ഉണ്ടാകുന്ന അപകടങ്ങൾ കുറച്ചു കൊണ്ടുവരുന്നതിന്റെ ഭാഗമായി തിരുവനന്തപുരം പേട്ട ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വൈദ്യുത വിതരണ ശൃംഗലയിൽ ലൈൻ സ്പെയ്സർ, ഗാർഡിങ്, ട്രാൻസ്ഫോർമർ സെക്കൻഡറിയിൽ ബ്രേക്കർ എന്നിവ സ്ഥാപിക്കുന്ന പദ്ധതി പരീക്ഷണാടി സ്ഥാനത്തിൽ നടപ്പാക്കാൻ തീരുമാനിക്കുകയും കെ.എസ്.ഇ.ബി.എൽ-ന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. ദ്രവിച്ച കമ്പികൾ പൊട്ടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സുരക്ഷയെ മുൻനിർത്തി പി.എം.എസ്.യു (പ്രൊജക്റ്റ് മാനേജ്മെന്റ് സബ് യൂണിറ്റ്) പദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണന ക്രമത്തിൽ AAC കണ്ടക്ടർ മാറ്റി പകരം ACSR ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
2. കമ്പി കൂട്ടിയടിക്കാതെയിരിക്കാനും പൊട്ടിയാൽ പോലും താഴോട്ട് വീഴാ തിരിക്കാനും സ്പേസറുകൾ സ്ഥാപിക്കുന്നു.
3. കമ്പി പൊട്ടി വീഴുന്നതുപോലുള്ള അത്യാവശ്യ ഘട്ടങ്ങളിൽ പൊതു ജനങ്ങൾക്കു നേരിട്ട് വിളിച്ചറിയിക്കു ന്നതിന് "9496010101" എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്.
4. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങൾ ആയ സ്കൂളുകൾ, ആശുപത്രികൾ, ആരാധ നാലയങ്ങൾ തുടങ്ങിയവയുടെ സമീപ ത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടം ഘട്ടമായി നടപ്പിലാ ക്കിവരുന്നു.
5. കട്ടപ്പന ഇലക്ട്രിക്കൽ സെക്ഷനാ ഫീസിന്റെ പരിധിയിൽ നടന്ന അപകടവുമായി ബന്ധപ്പെട്ട്, ഉപഭോക്താ ക്കളുടെ പ്രെമിസെസിൽ നിലവിലെ ചട്ടങ്ങൾ പ്രകാരമുള്ള സുരക്ഷാമാന ദണ്ഡങ്ങൾ പാലിക്കാതെയും അനധി കൃതമായി സ്ഥാപിച്ചിട്ടുള്ളതുമായ ജന റേറ്ററുകൾ കണ്ടെത്തുന്നതിന് കെ.എസ്. ഇ.ബി.എൽ-ഉം ഇലക്ട്രിക്കൽ ഇൻസ്പെ ക്ടറേറ്റും ചേർന്ന് സംയുക്ത പരിശോധന ആരംഭിച്ചിട്ടുണ്ട്. അപാകത കണ്ടു പിടിച്ച ഉപഭോക്താക്കളുടെ പ്രെമിസെസിൽ അപാകത തിരുത്തുവാൻ ആയി നോട്ടീസ് നൽകി, അനധികൃത ജനറേറ്ററുകൾ റെഗുലറൈസ് ചെയ്തു സുരക്ഷിത മാക്കാനുള്ള നടപടികൾ സ്വീകരിച്ചു. ഈ രീതിയിലുള്ള അപകടങ്ങൾ ആവർത്തി ക്കാതിരിക്കാൻ എടുക്കേണ്ട മുൻകരു തലുകളെ പറ്റി മാധ്യമങ്ങൾ മുഖാന്തിരം പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകി. സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് ജനറേറ്റർ സ്ഥാപിച്ചാൽ, ജനറേറ്ററിൽ നിന്നും ഇലക്ട്രിക് ലൈനി ലേക്ക് സപ്ലൈ ബാക്ക് ഫീഡിങ്ങ് ഉണ്ടാകുന്നത് ഒഴിവാക്കാൻ കഴിയും.
6. വൈദ്യുത ലൈനുകൾക്ക് സമീപം നിൽക്കുന്ന വൃക്ഷങ്ങളിൽ നിന്നും വിളവെടുക്കുമ്പോഴും ലോഹ നിർമ്മിത ഏണികൾ ഉപയോഗിക്കുമ്പോഴും തേങ്ങ, ചക്ക, മാങ്ങ തുടങ്ങിയ ഫലാദികൾ ലോഹത്തോട്ടി ഉപയോഗിച്ചു അടർ ത്തുമ്പോഴും തോട്ടി, ഏണി എന്നിവ ലൈനിൽ തട്ടിയുണ്ടാകുന്ന അപക ടങ്ങൾ ഗണ്യമായി കൂടി വരുന്ന സാഹചര്യത്തിൽ പൊതുജനങ്ങളെ ഇത്തരം അപകടങ്ങളെ കുറിച്ചു കൂടുതൽ ബോധവാന്മാർ ആക്കുന്നതിനായി മൈക്ക് അനൗൺസ്മെന്റ് നടത്തുന്നതിനു വേണ്ട ശബ്ദ സന്ദേശവും ഹ്രസ്വ വീഡിയോയും കെ.എസ്.ഇ.ബി.എൽ-ന്റെ PRD വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. സെക്ഷൻ തലത്തിൽ ഇപ്രകാരം മൈക്ക് അസൗൺസ്മെന്റ് നടത്തുന്നതിനു വേണ്ട ക്രമീകരണങ്ങൾ കൈകൊള്ളുകയും വീഡിയോ ക്ലിപ്പിംഗ് സോഷ്യൽ മീഡിയയിലൂടെ പ്രചരിപ്പിച്ചും പൊതു ജനങ്ങളെ ബോധവല്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രീ, റെസിഡന്റ്സ് അസോസിയേഷൻ മുഖേന വൈദ്യുതി സുരക്ഷയെ സംബന്ധിച്ച ലഘു ലേഘലകൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. വിദ്യാർത്ഥികൾ ക്കിടയിൽ സുരക്ഷാ ബോധവല്കരണം നടത്തുന്നതിനായി അദ്ധ്യാപക- വിദ്യാർത്ഥി വാട്ട്സ് ആപ്പ് ഗ്രൂപ്പ് കളിൽ ഒരു ആഴ്ചത്തെ പവർ പോയിന്റ് പ്രസന്റേഷൻ നടത്താനുള്ള നടപടിയും സ്വീകരിച്ചു. പൊതുജനങ്ങളെ വൈദ്യുതി മൂലമുള്ള അപകടങ്ങളെ കുറിച്ചു കൂടുതൽ ബോധവന്മാർ ആക്കുന്നതിനായി വിദ്യാഭ്യാസം, ദുരന്ത നിവാരണ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് വിഭാഗങ്ങളുടെ സഹകരണവും അഭ്യർത്ഥിച്ചിട്ടുണ്ട്.

7. വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിനു മുമ്പ് വൈദ്യുതി ബന്ധം വിഛേദിച്ച്, ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമേ ജോലി ചെയ്യുവാൻ പാടുള്ളുവെന്നു കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. (നൂതന വർക്ക്സൈറ്റ് ഏർത്തിംഗ് രീതിയായ "ഇക്വി പോടെൻഷ്യൽ ബോണ്ട് എർത്തിംഗ്" നടപ്പാക്കിയിട്ടുണ്ട്.)
8. വൈദ്യുതി ലൈനിൽ പണിയെടുക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ നടപടികളെക്കുറിച്ചുള്ള സുരക്ഷാ മാനുവൽ പ്രസിദ്ധികരിച്ചിട്ടുണ്ട്.
9. അപകടങ്ങളുടെ തോത് പരമാവധി കുറയ്ക്കാനായി കെ.എസ്.ഇ.ബി.ലിമിറ്റഡിലെ വൈദ്യുത വിതരണ വിഭാഗത്തിലെ എല്ലാ ഓഫീസുകളിലെയും എല്ലാ ലൈൻമാന്മാർക്കും 14 ഇനം സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് (ഷോൾഡർ ബാഗോടു കൂടി) ഉപയോഗിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. എർത്ത് റോഡ്, ഷോർട്ടിംഗ് ക്ലിപ്പ്, ഫുൾബോഡി സേഫ്റ്റി ബെൽറ്റ്, സേഫ്റ്റി ഷൂസ്, സേഫ്റ്റി ഹെൽമെറ്റ്, ഗ്ലൗസ്, എർത്ത് സ്പൈക്ക് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് ആണ് നല്കിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ